**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1014** **12-06-2024 - ൽ മറുപടിയ്ക്ക്**

**പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിന്മേലുള്ള അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയ സംഭവത്തെക്കുറിച്ച് ജലവിഭവ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെ ആയിരുന്നുവെന്ന് വിശദമാക്കുമോ; | (എ) | **പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയ** വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി ഫോർട്ട് കൊച്ചി സബ് കളക്ടറുടെ നേതൃത്വത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ്, ഇറിഗേഷൻ, വ്യവസായ വകുപ്പ്, വാട്ടർ അതോറിറ്റി, ഫിഷറീസ്, ആരോഗ്യം, ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് എന്നീ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിക്കുവാൻ 21/05/2024 ന് ജില്ലാ കളക്ടർ വിളിച്ചു ചേർത്ത അടിയന്തര യോഗത്തിൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് കൊച്ചി സബ് കളക്ടർ 22/05/2024 ൽ യോഗം വിളിച്ച് ചേർക്കുകയും വിഷയം വിശദമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു.<br><br>പാതാളം റെഗുലേറ്ററിന്റെ മുകൾ ഭാഗത്ത് ഏകദേശം 12 കി. മീറ്റർ പരിധിയിൽ നിരവധി വ്യവസായശാലകൾ പ്രവ്യത്തിക്കുന്നുണ്ട്. ടി വ്യവസായശാലകളിൽ നിന്നുള്ള ശുദ്ധീകരിക്കപ്പെടാത്ത രാസമാലിന്യങ്ങൾ പുഴയിലേക്ക് നിക്ഷേപിച്ചതാകാം മത്സ്യക്കുരുതിക്ക് ഇടയാക്കിയത് എന്ന് സംശയിക്കുന്നു. സമീപമുള്ള പെരിയാറിന്റെ വിവിധ കൈവഴികളായ മഞ്ഞുമ്മൽ, പുറപ്പിള്ളിക്കാവ് റെഗുലേറ്ററുകളുടെ സമീപം ഇത്തരം മത്സ്യക്കുരുതി ഉണ്ടായിട്ടില്ലായെന്നത് ശ്രദ്ധേയമാണ്. പ്രസ്തുത സംഭവത്തിന്റെ ശരിയായ കാരണം ചത്ത മത്സ്യങ്ങളുടെ ആന്തരാവയവ പരിശോധനയിൽ നിന്നും എടുത്തിട്ടുള്ള ജലത്തിന്റെ സാമ്പിൾ പരിശോധനഫലം വരുന്നതോടെ വ്യക്തമാകുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡ് പതിവായി പുഴയിൽ നിന്നും ജലം ശേഖരിച്ച് ടെസ്റ്റുകൾ നടത്തിവരാറുണ്ട്. DO (Dissolved Oxygen) യുടെ അളവ് അപകടകരമായ തോതിൽ കുറഞ്ഞിരിക്കുന്ന സാഹചര്യമാണ് | 

| | | | |
|---|---|---|---|
| | | | ഉണ്ടായിരുന്നുവെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡ് അധികാരികൾ അത്തരത്തിലുള്ള മുന്നറിയിപ്പ് നൽകേണ്ടതും റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടറുകൾ തുറക്കേണ്ടതിന്റെ ക്രമീകരണം ജലസേചന വകുപ്പിനെ അറിയിക്കേണ്ടതുമായിരുന്നു. യഥാർത്ഥത്തിൽ 13 ഷട്ടറുകളിൽ 3 ഷട്ടറുകൾ മാത്രമാണ് 20/05/2024ൽ ഉയർത്തിയിരുന്നത്. ഇതിൽക്കൂടി ഒഴുകിപ്പോയ ഓക്സിജൻ കുറവായ വെള്ളം 15 കി.മീ വരെ (പനമ്പുകാട് വരെ) മത്സ്യക്കുരുതിക്ക് കാരണമായി എന്നത് യുക്തിസഹമല്ല. 2-3 കി.മീ ദൂരം വരെ ഇത്തരത്തിലുള്ള സാഹചര്യം അപകടകരമാകുമെന്ന് കരുതാം. ഇത്രയധികം ദൂരത്തേക്ക് വലിയൊരു വ്യാപ്തിയുള്ള വാട്ടർ ബോഡിയിൽ DO (Dissolved Oxygen) ലഭ്യതക്കുറവുള്ള വെള്ളം ഒഴുകിയെത്തി, ഇപ്പോൾ സംഭവിച്ച വിപത്തിന് കാരണമാകാൻ സാധ്യതയില്ലായെന്ന് അനുമാനിക്കാം. ഏതെങ്കിലും സാന്ദ്രതയേറിയ കടുത്ത വിഷമുള്ള ദ്രാവകം / വസ്തുക്കൾ വെള്ളത്തിൽ കലർന്നാൽ അല്ലാതെ ഇത്രയധികം ദൂരത്തിൽ വിപത്ത് സൃഷ്ടിക്കാൻ സാധ്യതയില്ല എന്ന് പ്രാഥമികമായി വിലയിരുത്തുന്നു. പാതാളം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ റിസർവ്വോയർ പരിധിയിൽ 4.25 കി.മീ മുകൾഭാഗത്ത് കേരള വാട്ടർ അതോറിറ്റിയുടെ Raw water Pump House (ഏലൂക്കര) ഉണ്ട് എന്നത് പ്രധാനമാണ്. ടി റിസർവോയറിന്റെ ഭാഗങ്ങളിൽ ഒരിടത്തും മത്സ്യക്കുരുതി ഉണ്ടായിട്ടില്ല എന്നതും നിരവധി കമ്പനികളും കേരള വാട്ടർ അതോറിറ്റിയും വെള്ളം ശേഖരിക്കുന്നത് ഈ ഭാഗത്തിൽ നിന്നുമാണ് എന്നതും പ്രധാനമാണ്. റെഗുലേറ്ററിന്റെ ഷട്ടറുകൾ (3 എണ്ണം) തുറന്ന് ജലം ശക്തമായി പുറത്തോട്ട് ഒഴുകുന്ന വേളയിലാവണം ഒരു എളുപ്പമാർഗം എന്ന നിലയ്ക്ക് വ്യാവസായിക മാലിന്യം റെഗുലേറ്റർ കം ബ്രിഡ്ജിന് സമീപം പുഴയിലേക്ക് പുറം തള്ളിയത് എന്ന് സംശയിക്കാവുന്നതാണ്. വിശദമായ അന്വേഷണത്തിലൂടെ മാത്രമേ നിജസ്ഥിതി പുറത്ത് വരുകയുള്ളൂ. അത്യന്തം നിർഭാഗ്യകരമായ പ്രസ്തുത സംഭവത്തിന്റെ ശരിയായ കാരണം ചത്ത മത്സ്യങ്ങളുടെ ആന്തരാവയവ പരിശോധനയിൽ നിന്നോ നദിയിൽ നിന്നും എടുത്തിട്ടുള്ള സാമ്പിൾ പരിശോധന ഫലംവരുന്നതോടെയോ വ്യക്തമാകുന്നതാണ്. |
| (ബി) | പാതാളം റെഗുലേറ്റർ ബ്രിഡ്ജിന്റെ ഷട്ടറുകൾ തുറന്നതിനെത്തുടർന്ന് ഉപ്പുവെള്ളം കലർന്ന ജലത്തിൽ ഓക്സിജന്റെ അളവ് കുറഞ്ഞതാണ് മത്സ്യക്കുരുതിയ്ക്ക് കാരണമായതെന്ന മലിനീകരണ | (ബി) | **പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയ** വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി ഫോർട്ട് കൊച്ചി സബ് കളക്ടറുടെ നേതൃത്വത്തിൽ മലിനീകരണ |

| | | |
|---|---|---|
| | നിയന്ത്രണ ബോർഡിന്റെ നിഗമനത്തെ അന്വേഷണ റിപ്പോർട്ട് സാധൂകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | നിയന്ത്രണ ബോർഡ്, ഇറിഗേഷൻ, വ്യവസായ വകുപ്പ്, വാട്ടർ അതോറിറ്റി, ഫിഷറീസ്, ആരോഗ്യം, ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് എന്നീ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിക്കുവാൻ 21/05/2024 ന് ജില്ലാ കളക്ടർ വിളിച്ച ചേർത്ത അടിയന്തര യോഗത്തിൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് കൊച്ചി സബ് കളക്ടർ 22/05/2024 ൽ യോഗം വിളിച്ച് ചേർക്കുകയും വിഷയം വിശദമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു.<br><br>പാതാളം റെഗുലേറ്ററിന്റെ മുകൾ ഭാഗത്ത് ഏകദേശം 12 കി. മീറ്റർ പരിധിയിൽ നിരവധി വ്യവസായശാലകൾ പ്രവൃത്തിക്കുന്നുണ്ട്. ടി വ്യവസായശാലകളിൽ നിന്നുള്ള ശുദ്ധീകരിക്കപ്പെടാത്ത രാസമാലിന്യങ്ങൾ പുഴയിലേക്ക് നിക്ഷേപിച്ചതാകാം മത്സ്യക്കുരുതിക്ക് ഇടയാക്കിയത് എന്ന് സംശയിക്കുന്നു. സമീപമുള്ള പെരിയാറിന്റെ വിവിധ കൈവഴികളായ മഞ്ഞുമ്മൽ, പുറപ്പിള്ളിക്കാവ് റെഗുലേറ്ററുകളുടെ സമീപം ഇത്തരം മത്സ്യക്കുരുതി ഉണ്ടായിട്ടില്ലായെന്നത് ശ്രദ്ധേയമാണ്. പ്രസ്തുത സംഭവത്തിന്റെ ശരിയായ കാരണം ചത്ത മത്സ്യങ്ങളുടെ ആന്തരാവയവ പരിശോധനയിൽ നിന്നും എടുത്തിട്ടുള്ള ജലത്തിന്റെ സാമ്പിൾ പരിശോധനഫലം വരുന്നതോടെ വ്യക്തമാകുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡ് പതിവായി പുഴയിൽ നിന്നും ജലം ശേഖരിച്ച് ടെസ്റ്റുകൾ നടത്തിവരാറുണ്ട്. DO (Dissolved Oxygen) യുടെ അളവ് അപകടകരമായ തോതിൽ കുറഞ്ഞിരിക്കുന്ന സാഹചര്യമാണ് ഉണ്ടായിരുന്നുവെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡ് അധികാരികൾ അത്തരത്തിലുള്ള മുന്നറിയിപ്പ് നൽകേണ്ടതും റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടറുകൾ തുറക്കേണ്ടതിന്റെ ക്രമീകരണം ജലസേചന വകുപ്പിനെ അറിയിക്കേണ്ടതുമായിരുന്നു. യഥാർത്ഥത്തിൽ 13 ഷട്ടറുകളിൽ 3 ഷട്ടറുകൾ മാത്രമാണ് 20/05/2024ൽ ഉയർത്തിയിരുന്നത്. ഇതിൽക്കൂടി ഒഴുകിപ്പോയ ഓക്സിജൻ കുറവായ വെള്ളം 15 കി.മീ വരെ (പനമ്പുകാട് വരെ) മത്സ്യക്കുരുതിക്ക് കാരണമായി എന്നത് യുക്തിസഹമല്ല. 2-3 കി.മീ ദൂരം വരെ ഇത്തരത്തിലുള്ള സാഹചര്യം അപകടകരമാകുമെന്ന് കരുതാം. ഇത്രയധികം ദൂരത്തേക്ക് വലിയൊരു വ്യാപ്തിയുള്ള വാട്ടർ ബോഡിയിൽ DO (Dissolved Oxygen) ലഭ്യതക്കുറവുള്ള വെള്ളം ഒഴുകിയെത്തി, ഇപ്പോൾ സംഭവിച്ച വിപത്തിന് കാരണമാകാൻ സാധ്യതയില്ലായെന്ന് അനുമാനിക്കാം. ഏതെങ്കിലും |

| | | | |
|---|---|---|---|
| | | | സാന്ദ്രതയേറിയ കട്ടത്ത വിഷമുള്ള ദ്രാവകം / വസ്തുക്കൾ വെള്ളത്തിൽ കലർന്നാൽ അല്ലാതെ ഇത്രയധികം ദൂരത്തിൽ വിപത്ത് സൃഷ്ടിക്കാൻ സാധ്യതയില്ല എന്ന് പ്രാഥമികമായി വിലയിരുത്തുന്നു. പാതാളം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ റിസർവ്വോയർ പരിധിയിൽ 4.25 കി.മീ മുകൾഭാഗത്ത് കേരള വാട്ടർ അതോറിറ്റിയുടെ Raw water Pump House (ഏലൂക്കര) ഉണ്ട് എന്നത് പ്രധാനമാണ്. ടി റിസർവോയറിന്റെ ഭാഗങ്ങളിൽ ഒരിടത്തും മത്സ്യക്കുരുതി ഉണ്ടായിട്ടില്ല എന്നതും നിരവധി കമ്പനികളും കേരള വാട്ടർ അതോറിറ്റിയും വെള്ളം ശേഖരിക്കുന്നത് ഈ ഭാഗത്തിൽ നിന്നുമാണ് എന്നതും പ്രധാനമാണ്. റെഗുലേറ്ററിന്റെ ഷട്ടറുകൾ (3 എണ്ണം) തുറന്ന് ജലം ശക്തമായി പുറത്തോട്ട് ഒഴുകുന്ന വേളയിലാവണം ഒരു എളുപ്പമാർഗം എന്ന നിലയ്ക്ക് വ്യാവസായിക മാലിന്യം റെഗുലേറ്റർ കം ബ്രിഡ്ജിന് സമീപം പുഴയിലേക്ക് പുറം തള്ളിയത് എന്ന് സംശയിക്കാവുന്നതാണ്. വിശദമായ അന്വേഷണത്തിലൂടെ മാത്രമേ നിജസ്ഥിതി പുറത്ത് വരുകയുള്ളൂ. അത്യന്തം നിർഭാഗ്യകരമായ പ്രസ്തുത സംഭവത്തിന്റെ ശരിയായ കാരണം ചത്ത മത്സ്യങ്ങളുടെ ആന്തരാവയവ പരിശോധനയിൽ നിന്നോ നദിയിൽ നിന്നും എടുത്തിട്ടുള്ള സാമ്പിൾ പരിശോധന ഫലംവരുന്നതോടെയോ വ്യക്തമാകുന്നതാണ്. |
| (സി) | പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | **പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയ** വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി ഫോർട്ട് കൊച്ചി സബ് കളക്ടറുടെ നേതൃത്വത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ്, ഇറിഗേഷൻ, വ്യവസായ വകുപ്പ്, വാട്ടർ അതോറിറ്റി, ഫിഷറീസ്, ആരോഗ്യം, ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് എന്നീ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിക്കുവാൻ 21/05/2024 ന് ജില്ലാ കളക്ടർ വിളിച്ച് ചേർത്ത അടിയന്തര യോഗത്തിൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് കൊച്ചി സബ് കളക്ടർ 22/05/2024 ൽ യോഗം വിളിച്ച് ചേർക്കുകയും വിഷയം വിശദമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു.<br><br>പാതാളം റെഗുലേറ്ററിന്റെ മുകൾ ഭാഗത്ത് ഏകദേശം 12 കി. മീറ്റർ പരിധിയിൽ നിരവധി വ്യവസായശാലകൾ പ്രവൃത്തിക്കുന്നുണ്ട്. ടി വ്യവസായശാലകളിൽ നിന്നുള്ള ശുദ്ധീകരിക്കപ്പെടാത്ത രാസമാലിന്യങ്ങൾ പുഴയിലേക്ക് നിക്ഷേപിച്ചതാകാം മത്സ്യക്കുരുതിക്ക് |

ഇടയാക്കിയത് എന്ന് സംശയിക്കുന്നു. സമീപമുള്ള പെരിയാറിന്റെ വിവിധ കൈവഴികളായ മഞ്ഞുമ്മൽ, പുറപ്പിള്ളിക്കാവ് റെഗുലേറ്ററുകളുടെ സമീപം ഇത്തരം മത്സ്യക്കുരുതി ഉണ്ടായിട്ടില്ലായെന്നത് ശ്രദ്ധേയമാണ്. പ്രസ്തുത സംഭവത്തിന്റെ ശരിയായ കാരണം ചത്ത മത്സ്യങ്ങളുടെ ആന്തരാവയവ പരിശോധനയിൽ നിന്നും എടുത്തിട്ടുള്ള ജലത്തിന്റെ സാമ്പിൾ പരിശോധനഫലം വരുന്നതോടെ വ്യക്തമാകുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡ് പതിവായി പുഴയിൽ നിന്നും ജലം ശേഖരിച്ച് ടെസ്റ്റുകൾ നടത്തിവരാറുണ്ട്. DO (Dissolved Oxygen) യുടെ അളവ് അപകടകരമായ തോതിൽ കുറഞ്ഞിരിക്കുന്ന സാഹചര്യമാണ് ഉണ്ടായിരുന്നുവെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡ് അധികാരികൾ അത്തരത്തിലുള്ള മുന്നറിയിപ്പ് നൽകേണ്ടതും റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടറുകൾ തുറക്കേണ്ടതിന്റെ ക്രമീകരണം ജലസേചന വകുപ്പിനെ അറിയിക്കേണ്ടതുമായിരുന്നു. യഥാർത്ഥത്തിൽ 13 ഷട്ടറുകളിൽ 3 ഷട്ടറുകൾ മാത്രമാണ് 20/05/2024ൽ ഉയർത്തിയിരുന്നത്. ഇതിൽക്കൂടി ഒഴുകിപ്പോയ ഓക്സിജൻ കുറവായ വെള്ളം 15 കി.മീ വരെ (പനമ്പുകാട് വരെ) മത്സ്യക്കുരുതിക്ക് കാരണമായി എന്നത് യുക്തിസഹമല്ല. 2-3 കി.മീ ദൂരം വരെ ഇത്തരത്തിലുള്ള സാഹചര്യം അപകടകരമാകുമെന്ന് കരുതാം. ഇത്രയധികം ദൂരത്തേക്ക് വലിയൊരു വ്യാപ്തിയുള്ള വാട്ടർ ബോഡിയിൽ DO (Dissolved Oxygen) ലഭ്യതക്കുറവുള്ള വെള്ളം ഒഴുകിയെത്തി, ഇപ്പോൾ സംഭവിച്ച വിപത്തിന് കാരണമാകാൻ സാധ്യതയില്ലായെന്ന് അനുമാനിക്കാം. ഏതെങ്കിലും സാന്ദ്രതയേറിയ കടുത്ത വിഷമുള്ള ദ്രാവകം / വസ്തുക്കൾ വെള്ളത്തിൽ കലർന്നാൽ അല്ലാതെ ഇത്രയധികം ദൂരത്തിൽ വിപത്ത് സൃഷ്ടിക്കാൻ സാധ്യതയില്ല എന്ന് പ്രാഥമികമായി വിലയിരുത്തുന്നു. പാതാളം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ റിസർവ്വോയർ പരിധിയിൽ 4.25 കി.മീ മുകൾഭാഗത്ത് കേരള വാട്ടർ അതോറിറ്റിയുടെ Raw water Pump House (ഏലൂക്കര) ഉണ്ട് എന്നത് പ്രധാനമാണ്. ടി റിസർവോയറിന്റെ ഭാഗങ്ങളിൽ ഒരിടത്തും മത്സ്യക്കുരുതി ഉണ്ടായിട്ടില്ല എന്നതും നിരവധി കമ്പനികളും കേരള വാട്ടർ അതോറിറ്റിയും വെള്ളം ശേഖരിക്കുന്നത് ഈ ഭാഗത്തിൽ നിന്നുമാണ് എന്നതും പ്രധാനമാണ്. റെഗുലേറ്ററിന്റെ ഷട്ടറുകൾ (3 എണ്ണം) തുറന്ന് ജലം ശക്തമായി പുറത്തോട്ട് ഒഴുകുന്ന വേളയിലാവണം ഒരു എളുപ്പമാർഗം എന്ന നിലയ്ക്ക് വ്യാവസായിക മാലിന്യം റെഗുലേറ്റർ കം ബ്രിഡ്ജിന്

| | | | |
|---|---|---|---|
| | | | സമീപം പുഴയിലേക്ക് പുറം തള്ളിയത് എന്ന് സംശയിക്കാവുന്നതാണ്. വിശദമായ അന്വേഷണത്തിലൂടെ മാത്രമേ നിജസ്ഥിതി പുറത്ത് വരുകയുള്ളൂ. അത്യന്തം നിർഭാഗ്യകരമായ പ്രസ്തുത സംഭവത്തിന്റെ ശരിയായ കാരണം ചത്ത മത്സ്യങ്ങളുടെ ആന്തരാവയവ പരിശോധനയിൽ നിന്നോ നദിയിൽ നിന്നും എടുത്തിട്ടുള്ള സാമ്പിൾ പരിശോധന ഫലംവരുന്നതോടെയോ വ്യക്തമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ